ഉത്തരം

(എ) 31-12-2004-ൽ അവസാനിക്കും.

(ബി ആന്റ് സി) ഇതുവരെ 322 പേരെ നിയമിച്ചു. 216 പേരെ അഡ്വൈസ് ചെയ്തിട്ടുണ്ട്. അവർക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പൊതുമരാമത്ത് വകുപ്പിൽ പാർട്ട്ടൈം/കാഷ്വൽ സ്വീപ്പർമാരുടെ നിയമനരീതി

301 [2358] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ പാർട്ട്ടൈം/കാഷ്വൽ സ്വീപ്പർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിൽ പുനർവിന്യാസ നടപടിക്കുശേഷം ഏതെങ്കിലും പാർട്ട്ടൈം/കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) പാർട്ട്ടൈം/കാഷ്വൽ സ്വീപ്പർമാരുടെ നിയമനരീതിയ്ക്കും പിരിച്ചു വിടലിനും വിരുദ്ധമായി ചില സ്വീപ്പർമാരെ മാത്രം നിയമിക്കുകയും പിരിച്ചുവിടാതിരിക്കുകയും ചെയ്തിട്ടുണ്ടോ;

(ഡി) ദിവസക്കൂലി/പാർട്ട്ടൈം സ്വീപ്പർമാരുടെ ശമ്പളം ഏത് ഫണ്ടിൽ നിന്നാണ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ദിവസവേതനത്തിൽ ജോലി ചെയ്തുവരുന്ന കാഷ്വൽ ജീവനക്കാർക്ക് സാക്ഷ്യപത്രം നൽകാറുണ്ടോ; അവ കോടതിയിൽ കാണിച്ച് സ്റ്റേ വാങ്ങി ജോലി സമ്പാദിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) സ്വീപ്പിംഗ് ഏരിയ 100 സ്ക്വയർ മീറ്ററിന് മുകളിലും 400 സ്ക്വയർ മീറ്ററിന് താഴെയും ഉള്ള ഓഫീസുകളിൽ അനുവദനീയമായ തസ്തികകൾ ഉള്ളയിടത്ത് പാർട്ട്ടൈം സ്വീപ്പർമാരെ എംപ്ലോയ്മെന്റ് എക്സേഞ്ച് വഴി നിയമിക്കുന്നു. അനുവദനീയമായ തസ്തികകൾ ഇല്ലാത്തിടത്തും 100 സ്ക്വയർ മീറ്ററിന് താഴെ മാത്രം സ്വീപ്പിംഗ് ഏരിയ ഉള്ളയിടത്തും 600 രൂപ മാസവേതനത്തിൽ കാഷ്വൽ സ്വീപ്പർമാരെ ഏർപ്പെടുത്തുന്നു.

(ബി) പൊതുമരാമത്ത് വകുപ്പിൽ പുനർവിന്യാസ നടപടികൾ പൂർത്തിയായിട്ടില്ല. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ രണ്ടു സ്വീപ്പർമാരെ താഴെ സൂചിപ്പിച്ചിരിക്കുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം സ്ഥിരപ്പെടുത്തിയിട്ടുണ്ട്. (1) ജി.ഒ. (ആർ.റ്റി.) 764/02/പൊ.മ.വ. തീയതി 17-8-2002. (2) ജി.ഒ. (ആർ.റ്റി.) 941/02/പൊ.മ.വ. തീയതി 8-10-2002.

LIBRARY ARCHIVES Kerala Legislative Assembly

(സി) അനുവദനീയമായ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കപ്പെട്ടിട്ടുള്ള പാർട്ട്ടൈം സ്വീപ്പർമാരെ ആരെയും പിരിച്ചുവിട്ടിട്ടില്ല. നിർത്തലാക്കപ്പെട്ട ആഫീസുകളിൽ ജോലി ചെയ്തിരുന്ന കാഷ്വൽ സ്വീപ്പർമാരെ പിരിച്ചുവിട്ടിട്ടുണ്ട്.

(ഡി) ദിവസക്കൂലി/പാർട്ട്ടൈം സ്വീപ്പർമാരുടെ ശമ്പളം 2059-80-001-02-99 (02), 3054-80-001-99 (02), 3054-01-001-99-02 എന്നീ ഹെഡ്ഡുകളിൽ നിന്നുമാണ് നൽകുന്നത്.

(ഇ) ഇല്ല.

ആശ്രിത നിയമനം ലഭിക്കാൻ നടപടി

302 [2359] ശ്രീ. ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാമത്ത് വകുപ്പിൽ എടത്വാ ബിൽഡിംഗ്സ് സെക്ഷനിൽ ശിപായി ആയി ജോലി നോക്കിവരവെ മരണപ്പെട്ട വൈ. യോഹന്നാന്റെ മകൻ ജോലി ലഭിക്കുവാൻ അപേക്ഷ നൽകിയത് എന്നാണ്;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചു;

(സി) ഈ വകുപ്പിൽ ഇതിന് ശേഷം അപേക്ഷ സമർപ്പിച്ച പലർക്കും ജോലി ലഭിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ശ്രീ. വൈ. യോഹന്നാന്റെ മകന് അടിയന്തിരമായി ജോലി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 25-5-2000.

(ബി) അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഹാജരാക്കാത്തിരുന്നതിനാൽ ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്നതിനായി ചീഫ് എഞ്ചിനീയർക്ക് തിരിച്ച് അയച്ച് കൊടുത്തിട്ടുണ്ട്. ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ ഇതുവരെ സർക്കാരിന് ലഭിച്ചിട്ടില്ല.

(സി) ഉണ്ട്. ശരിയായ രേഖകൾ സഹിതം ഇതിന് ശേഷം അപേക്ഷ സമർപ്പിച്ച അപേക്ഷകർക്ക് ജോലി നൽകിയിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly